**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3141** **13-07-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായിട്ടും ഇനിയും പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും അവ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ലഭ്യമായിട്ടുള്ള തുകയടക്കം വിശദമാക്കാമോ; | (എ) | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിൽ വരുത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. **തലശ്ശേരി ഇല്ലിക്കുന്ന് സി.എസ്.ഐ ചർച്ച്**<br><br>ടി പദ്ധതിയ്ക്ക് 09-08-2020 -ന് 2,47,12,467/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും, നിർവ്വഹണ ഏജൻസിയായ KIIDC 21-10-2021 ന് ചർച്ച് അധികൃതരുമായി ധാരണാപത്രം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നു.<br><br>2. **A) ജഗന്നാഥ ക്ഷേത്രം**<br><br>ടി പദ്ധതിയ്ക്ക് 09-08-2020 ന് 3,79,99,804.09/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും, നിർവ്വഹണ ഏജൻസിയായ KIIDC 16-02-2021 ന് ക്ഷേത്ര അധികൃതരുമായി ധാരണാപത്രം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നു.<br><br>B) **'ജഗന്നാഥ ടെമ്പിൾ മ്യൂസിയം ഓഫ് ആർട്ട്, റിനൈസ്സൻസ് ആന്റ് സോഷ്യൽ റിഫോം്സ് എന്ന പദ്ധതി**<br><br>ടി പദ്ധതിയ്ക്ക് 17-12-2019 തീയതിയിൽ സ.ഉ (സാധാ) നം. 463/2019 പ്രകാരം 4,98,45,267/- രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയ സ്പേസ് ആർട്ട് കൺസൾട്ടൻസി, കോഴിക്കോട് എന്ന ഏജൻസി പ്രാഥമിക രൂപരേഖയിൽ പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിലേക്ക് |

എത്തിച്ചേരുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി എസ്റ്റിമേറ്റ് ഭരണാനുമതി തുകയെക്കാൾ കൂടുതലായതിനാൽ നിലവിൽ അംഗീകാരം ലഭിച്ച തുകയ്ക്കുള്ളിൽ നിന്ന് ഡി.പി.ആർ തയ്യാറാക്കാൻ വകുപ്പ് നിർദ്ദേശിച്ചെങ്കിലും ഏജൻസി തയ്യാറായില്ല.

മേൽ സാഹചര്യത്തിൽ ടി പ്രവൃത്തി നിർവ്വഹിക്കാൻ സിൽക്കിനെ നേരിട്ട് ഏൽപ്പിക്കുകയും, സിൽക്ക് മറ്റൊരു എം. പാനൽ ആർക്കിടെക്ടായ യു. മുഹമ്മദ് അസോസിയേറ്റ്സിനെ വച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരികയുമാണ്.

**3. <u>തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രത്തിലുള്ള വിവിധ ഘടകങ്ങൾ</u> -**

ടി പദ്ധതിയ്ക്ക് 09-08-2020- ന് 2,43,86,244.53/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും, നിർവ്വഹണ ഏജൻസിയായ KIIDC 15-12-2021 ന് ക്ഷേത്ര അധികൃതരുമായി ധാരണാ പത്രം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്.

**<u>4. തലശ്ശേരി ഓടത്തിൽ പള്ളി-പാരീസ് ഹോട്ടൽ തെരുവ് -</u>**

ടി പദ്ധതിയ്ക്ക് 09-08-2020- ന് 92,10,856.33/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും, നിർവ്വഹണ ഏജൻസിയായ KIIDC ടി ആരാധനാലയവും അനുബന്ധ സ്വത്തുവകകളും പരിപാലിച്ചു വരുന്ന സ്വകാര്യ ട്രസ്റ്റുമായി ധാരണാ പത്രം ഒപ്പ് വെയ്ക്കുന്നതിനായുള്ള പ്രായോഗികതാ ചർച്ചകൾ നടത്തി വരികയാണ്.

**<u>5. തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയവും - പൈതൃക ടൂറിസം ഓഫീസും-</u>**

ടി പദ്ധതിയ്ക്ക് 09-08-2020 ന് 1,01,72,845.07/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ KIIDC ധാരണാപത്രം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>6. കതിരൂർ സൂര്യ നാരായണ ക്ഷേത്രം -തലശ്ശേരി പൈതൃക ടൂറിസം ഘട്ടം-2</u>**

ടി പദ്ധതിയ്ക്ക് 01-12-2020 ന് 2,95,48,944/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും നിർവ്വഹണ

| | | | |
|---|---|---|---|
| | | | ഏജൻസിയായ KIIDC ക്ഷേത്ര അധികൃതരുമായി ധാരണാപത്രം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡ്രോയിങ്ങിൽ ക്ഷേത്രം അധികൃതർ മാറ്റം നിർദ്ദേശിച്ചതനുസരിച്ച് നിർവ്വഹണ ഏജൻസിയായ KIIDC നടപടി സ്വീകരിച്ച് വരുന്നു.<br><br>**<u>7. തലശ്ശേരി ചിറക്കക്കാവ് ക്ഷേത്രം-</u>**<br><br>ടി പദ്ധതിയുടെ 2-ാം ഘട്ടത്തിന് 01-12-2020 ന് 1,68,13,060/- രൂപയ്ക്ക് KIIFB ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC ക്ഷേത്ര അധികൃതരുമായി 23-11-2021 ൽ ധാരണാപത്രം ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ തലശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുകയോ സമർപ്പിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആയതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ